(സി) ഖനിജങ്ങളുടെ സംസ്ക്കരണത്തിന് 10 കോടി രൂപ മുതൽമുടക്കിൽ ഒരു കാൽസിനേഷൻ പ്ലാന്റ് നീലേശ്വരത്ത് സ്ഥാപിക്കുവാൻ ഉള്ള സന്നദ്ധത അപേക്ഷകൻ പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്ത് ഉപാധികളൊന്നും മുന്നോട്ടുവച്ചിട്ടില്ല. എങ്കിലും ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും ഒരു യോഗം ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയതിൽ ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഖനനത്തിനുള്ള പദ്ധതി സ്വാഗതാർഹമാണ്. പ്രാദേശിക തൊഴിലാളികളെ ഖനനത്തിനു നിയോഗിക്കാൻ അനുമതിയിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. പരിസ്ഥിതിക്കും കുടിവെള്ളത്തിനും പ്രതികൂലമായി ആഘാതം ഏൽപ്പിക്കാതെ ഖനനം ചെയ്യേണ്ടതാണ്. മേൽ വിവരിച്ച പ്രകാരമുള്ള ചില പൊതു നിർദ്ദേശങ്ങളാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നിട്ടുള്ളത്. ഇതിനോട് പൂർണ്ണമായ അംഗീകാരമാണ് കമ്പനി പ്രകടിപ്പിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികളുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ നടപടി

158 [1361] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിവന്നിരുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈറ്റത്തൊഴിലാളികൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യങ്ങളിൽ സർക്കാർ എന്തെല്ലാം അംഗീകരിച്ചു എന്നും ഏതെല്ലാം നടപ്പിലാക്കി കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ബി) ഈറ്റത്തൊഴിലാളികൾക്ക് സൗജന്യറേഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുവരെയാണ് ഇത് പ്രഖ്യാപിച്ചിട്ടുള്ളത്; ഓണക്കാലം വരെയെങ്കിലും ഈറ്റത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈറ്റത്തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പനമ്പിന് വില വർദ്ധിപ്പിക്കുക, ഡിപ്പോകളിൽ മുടങ്ങാതെ ഈറ്റ വിതരണം ചെയ്യുക, 2000-ലെ കരാർ പുതുക്കുക, പുതിയ ഡിപ്പോകൾ അനുവദിക്കുക, ബാംബൂ കോർപ്പറേഷൻ നിർത്തിവച്ച ക്ഷേമ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുക, ബാംബൂ പ്ലൈ ഫാക്ടറി തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുക, ബാംബൂ കോർപ്പറേഷന്റെ നിയമനങ്ങളിൽ ഈറ്റ തൊഴിലാളി കുടുംബങ്ങളിൽ നിന്നും നിയമനം നടത്തുക, തകർച്ച നേരിടുന്ന പരമ്പരാഗത ഈറ്റത്തൊഴിലിനെ രക്ഷിയ്ക്കുക തുടങ്ങിയവയാണ് പ്രധാന ആവശ്യങ്ങൾ. ഈ ആവശ്യങ്ങളിൻമേൽ 5-5-2005-ന് വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

സാധാരണ (കൊമേഴ്സ്യൽ) പനമ്പിന്റെ സംഭരണവിലയിൽ നിലവിലുള്ളതിൽ നിന്നും ചതുരശ്രയടിക്ക് 9 പൈസയും കോർപനമ്പിന് ചതുരശ്രയടിയ്ക്ക് 10 പൈസയും, സ്പെഷ്യൽ (ഫേസ്) പനമ്പിന് ചതുരശ്രയടിക്ക് 14 പൈസയുടേയും വർദ്ധനവ് നൽകുന്നതാണ്. ഈറ്റവെട്ട്, ഈറ്റ ലോഡിംഗ് ഇറക്ക് തൊഴിലാളികൾക്ക് നിലവിലുള്ള കൂലിയിൽ 12% വർദ്ധനവ് നൽകുന്നതാണ്. ബാംബൂ/ബോർഡ് ഫാക്ടറി തൊഴിലാളികൾ, ഡിപ്പോ തൊഴിലാളികൾ, സെൻട്രൽ ഗോഡൗൺ/കോംപ്ലക്സ് തൊഴിലാളികൾ എന്നിവരുടെ സേവനവേതന കരാർ സംബന്ധിച്ചുള്ള ചർച്ച പിന്നീട് കോർപ്പറേഷൻ പ്രത്യേകമായി നടത്തുന്നതാണ്. കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി റീസ്ട്രക്ച്ചറൽ ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഈ തീരുമാനങ്ങളെല്ലാം തന്നെ 6-5-2005 മുതൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ഈറ്റ തൊഴിലാളികൾക്ക് 2005 ഏപ്രിൽ-മേയ് മാസങ്ങളിൽ സൗജന്യറേഷൻ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സൗജന്യറേഷൻ ഓണക്കാലംവരെ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈറ്റത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളിൻമേൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങളെല്ലാം തന്നെ ബാംബൂ കോർപ്പറേഷൻ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

**ബസ്സുകളുടെ വരവ് ചെലവുകളെക്കുറിച്ച് പഠനം**

159 [1365] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ആകെ എത്ര വലിയ ബസ്സുകൾ ഓർഡിനറി സർവ്വീസ് നടത്തുന്നുണ്ട്; ഒരു ഓർഡിനറി വലിയ ബസ്സ് ഓടി ഒരു ദിവസം കിട്ടുന്ന ആവറേജ് വരുമാനം എന്ത്; അത്തരത്തിലുള്ള ഒരു ബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.-ക്കുണ്ടാകുന്ന ചെലവ് എന്ത്;

(ബി) കെ. എസ്. ആർ. ടി. സി.-യിൽ ആകെ എത്ര മിനിബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഒരു മിനിബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.- ക്കുണ്ടാകുന്ന ചെലവ് എന്ത്; ഒരു മിനിബസ്സ് ഒരു ദിവസം ഓടിയാൽ കെ. എസ്. ആർ. ടി. സി.-ക്ക് ലഭിക്കുന്ന ആവറേജ് വരുമാനം എന്ത്;

(സി) മിനിബസ്സുകൾ ഓടിക്കുന്നതാണോ വലിയ ബസ്സുകൾ ഓടിക്കുന്നതാണോ കെ. എസ്. ആർ. ടി. സി.-ക്ക് സാമ്പത്തികമായി പ്രയോജനം ചെയ്യുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ, പരിശോധനയോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠനത്തിന്റേയോ പരിശോധനയുടേയോ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അത്തരത്തിലുള്ള പഠനമോ പരിശോധനയോ നടത്താൻ തയ്യാറാകുമോ?

*ഉത്തരം*

(എ) കെ. എസ്. ആർ. ടി. സി.-യിൽ ആകെ 3143 വലിയ ബസ്സുകൾ, ഓർഡിനറി സർവ്വീസ് നടത്തുന്നുണ്ട്. 2005 മേയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത ബസ്സുകളിൽ നിന്നും കിലോമീറ്ററിന് ശരാശരി 16.97 രൂപ വരുമാനം ലഭിക്കുന്നുണ്ട്. നിലവിൽ ഒരു ഓർഡിനറി ലൈലാൻഡ് ബസ്സ് നിരത്തിൽ ഇറക്കുവാൻ 13,45,818 രൂപയും, ഒരു ഓർഡിനറി ടാറ്റാ ബസ്സിന് 13,33,750 രൂപയും ചെലവാകുന്നു.

(ബി) നിലവിൽ കെ. എസ്. ആർ. ടി. സി.-യിൽ ആകെ 295 മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഒരു മിനിബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.-ക്ക് ഏകദേശം 8.33 ലക്ഷം രൂപ ചെലവാകുന്നു. 2005 മേയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത ബസ്സുകളിൽ നിന്നും കി. മീറ്ററിന് ശരാശരി 13.21 രൂപ വരുമാനം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly